സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 246 2025 ജനുവരി 23 വ്യാഴം പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

പാർക്കിങ്ങിനിടെ ഗിയർ മാറി, മുന്നോട്ടെടുത്ത കാർ ഒന്നാംനിലയിൽനിന്ന് താഴേക്ക് പതിച്ചു

പൂനെ: പാർക്ക് ചെയ്യുന്നതിനിടെ അപ്പാർട്മെന്റിലെ ഒന്നാം നിലയിൽനിന്ന് കാർ താഴേക്ക് പതിച്ചു. മുന്നോട്ടെടുക്കുന്നതിനിടെ ഡ്രൈവർ അബദ്ധത്തിൽ റിവേഴ്സ് ഗിയറിട്ടതാണ് അപകടത്തിന് വഴിവെച്ചത്. പിന്നോട്ട് ഉരുണ്ട കാർ ഒന്നാം നിലയിലെ മതിൽ തകർത്ത് താഴേക്ക് പതിക്കുകയായിരുന്നു. കാറിനുള്ളിലുള്ളവർ പരിക്കേൽക്കാതെ രക്ഷപ്പെട്ടു. പുണെയിലെ വിമാൻനഗർ സൊസൈറ്റിയിലെ ശുഭ് അപ്പാർട്മെന്റിലാണ് സംഭവം. അപകടത്തിന്റെ സിസിടിവി ദൃശ്യവും പുറത്തുവന്നിട്ടുണ്ട്. കാർ വന്ന് പതിച്ചതിന് തൊട്ടരികെ രണ്ടുപേർ ഇരിക്കുന്നതും മറ്റൊരു കാർ സമീപത്തുകൂടി കടന്നുപോകുന്നതും വീഡിയോയിൽ കാണാം.

അനധികൃതമായി യു.എസിൽ കഴിയുന്ന ഇന്ത്യക്കാരെ നാട്ടിലെത്തിക്കാൻ ഇന്ത്യ തയ്യാർ: ജയശങ്കർ

വാഷിങ്ടൺ: യു.എസ്. ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിൽ അനധികൃതമായി കുടിയേറിപ്പാർക്കുന്ന ഇന്ത്യക്കാരെ നിയമപരമായി രാജ്യത്ത് തിരികെയെത്തിക്കുമെന്ന് കേന്ദ്ര വിദേശകാര്യമന്ത്രി ഡോക്ടർ എസ്. ജയശങ്കർ. അനധികൃതമായി യു.എസിൽ താമസിച്ചുവരുന്ന ഇന്ത്യക്കാരെ നാട്ടിൽ തിരികെയെത്തിക്കുന്ന വിഷയത്തിൽ ഇന്ത്യയ്ക്ക് എല്ലായ്പോഴും തുറന്ന സമീപനമാണുള്ളതെന്നും ജയശങ്കർ കൂട്ടിച്ചേർത്തു. ഇക്കാര്യം യു.എസ്. സ്റ്റേറ്റ് സെക്രട്ടറി മാർകോ റുബിയോയെ ധരിപ്പിച്ചതായും അദ്ദേഹം പറഞ്ഞു. ഡൊണാൾഡ് ട്രംപ് അധികാരമേൽക്കുന്ന ചടങ്ങിൽ അതിഥിയായി പങ്കെടുക്കുന്നതുൾപ്പെടെയുള്ള ഔദ്യോഗികപരിപാടികൾക്കായി യു.എസിൽ എത്തിയ ജയശങ്കർ വാഷിങ്ടണിൽ നടന്ന വാർത്താസമ്മേളനത്തിൽ പങ്കെടുത്തുസംസാരിക്കവേയാണ് ഇക്കാര്യം വ്യക്തമാക്കിയത്.

യു.എസിൽ അനധികൃതമായി കുടിയേറിപ്പാർക്കുന്ന ഇന്ത്യക്കാരെ സംബന്ധിച്ച് സംവാദങ്ങൾ നടക്കുന്നുണ്ടെന്നും വിഷയത്തിൽ യു.എസിലെ ജനങ്ങൾ അസ്വസ്ഥരാണെന്നുള്ള കാര്യം മനസ്സിലാക്കുന്നതായും ജയശങ്കർ പറഞ്ഞു. നിയമപരമായ കുടിയേറ്റത്തെ ഇന്ത്യ പിന്തുണയ്ക്കുന്നതായും ഇന്ത്യൻ ജനതയുടെ വൈദഗ്ധ്യത്തിനും മികവിനും ആഗോളതലത്തിൽ അവസരങ്ങൾ ലഭിക്കണമെന്നാണ് ഇന്ത്യ ആഗ്രഹിക്കുന്നതെന്നും ജയശങ്കർ കൂട്ടിച്ചേർത്തു. അനധികൃതകുടിയേറ്റത്തെ ഇന്ത്യ എതിർക്കുന്നതായും അനധികൃതകുടിയേറ്റം നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് വഴിവെയ്ക്കുമെന്നും അതിനാൽത്തന്നെ അത്തരത്തിലുള്ള കുടിയേറ്റം അപമാനകരമാണെന്നും അദ്ദേഹം പറഞ്ഞു.

യു.എസിലേക്കുള്ള വിസയ്ക്കായുള്ള കാലതാമസത്തെക്കുറിച്ച് മാർകോ റുബിയോയുമായി നടത്തിയ കൂടിക്കാഴ്ചയിൽ ജയശങ്കർ ധരിപ്പിച്ചിരുന്നു. ഇത് ഇന്ത്യ–യു.എസ്. ബന്ധത്തെ പ്രതികൂലമായി ബാധിക്കുന്ന കാര്യവും റുബിയോയെ അറിയിച്ചിരുന്നു. 400 ദിവസം വരെ വിസയ്ക്ക് വേണ്ടി കാത്തിരിക്കേണ്ടി വരുന്നത് പ്രയാസം സൃഷ്ടിക്കുന്നുണ്ടെന്ന് താൻ റുബിയോയെ അറിയിച്ചതായും വിഷയത്തിന്റെ ഗൗരവം റുബിയോക്ക് വ്യക്തമായിട്ടുണ്ടെന്നാണ് താൻ കരുതുന്നതെന്നും ജയശങ്കർ മാധ്യമങ്ങളോട് പറഞ്ഞു.

നെയ്യാറിൽ സ്ത്രീയുടെ മൃതദേഹം കണ്ടെത്തി, കരയിൽ രണ്ട് പേരുടെ ചെരിപ്പുകൾ

തിരു: നെയ്യാറിൽ 33 വയസ് തോന്നിപ്പിക്കുന്ന സ്ത്രീയുടെ മൃതദേഹം കണ്ടെത്തി. ഇന്ന് രാവിലെയോടെ വലിയ വിളാകം കടവിൽ നിന്നാണ് മൃതദേഹം കണ്ടെത്തിയത്. ആളെ ഇതുവരെ തിരിച്ചറിഞ്ഞിട്ടില്ല. ആറിന്റെ കരയിൽ നിന്ന് സ്ത്രീയുടെയും പുരുഷന്റേതുമെന്ന് കരുതുന്ന ചെരിപ്പുകൾ കണ്ടെത്തിയിട്ടുണ്ട്. നെയ്യാറിൽ കമിഴ്ന്ന് കിടക്കുന്ന നിലയിലാണ് മൃതദേഹം.

തൊഴിലുറപ്പ് തൊഴിലാളികളാണ് മൃതദേഹം കണ്ടത്. പിന്നാലെ പൊലീസിനെ വിവരം അറിയിക്കുകയായിരുന്നു. പൊലീസ് സംഭവ സ്ഥലത്ത് എത്തിയിട്ടുണ്ട്. നിയമപരമായ നടപടിക്രമങ്ങൾക്ക് ശേഷം മൃതദേഹം പോസ്റ്റ്മോർട്ടത്തിന് അയക്കും.

'രാഷ്ട്രീയക്കാർ ജയിലിൽ എത്തുമ്പോൾ നേതാക്കൾ സന്ദർശിക്കും': മുഖ്യമന്ത്രി

തിരു: പെരിയ കേസ് പ്രതികളെ പി.ജയരാജൻ സന്ദർശിച്ചതിനെ നിയമസഭയിൽ ന്യായീകരിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. രാഷ്ട്രീയക്കാർ ജയിലിൽ എത്തുമ്പോൾ നേതാക്കൾ സന്ദർശിക്കുന്നത് സാധാരണമാണ്. രാഷ്ട്രീയക്കൊലപാതകങ്ങൾ ഉണ്ടാകാൻ പാടില്ലെന്നാണ് സർക്കാർ നിലപാടെന്നും അത് സാധ്യമാക്കാൻ എല്ലാ പാർട്ടികളും ദൃഢനിശ്ചയത്തോടെ നിലപാട് എടുക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ജനുവരി അഞ്ചിന് കണ്ണൂർ സെൻട്രൽ ജയിലിലാണ് പെരിയ കേസ് പ്രതികൾക്ക് സിപിഎം പ്രവർത്തകർ സ്വീകരണം ഒരുക്കിയത്. പി. ജയരാജന്റെ നേതൃത്വത്തിലായിരുന്നു അഭിവാദ്യവും സ്വീകരണവും. ജയിൽ പ്രതികളെ സന്ദർശിച്ച് പുസ്തകവും നൽകിയാണ് സിപിഎം സംസ്ഥാന സമിതി അംഗം മടങ്ങിയത്. സന്ദർശനത്തിൽ ചോദ്യമുന്നയിച്ച മാധ്യമങ്ങൾക്ക് കമ്യൂണിസ്റ്റ് വിരുദ്ധ ജ്വരമാണെന്നും അദ്ദേഹം ആരോപിച്ചിരുന്നു. ജയിലിൽ പോയ പ്രതികളുടെ വീട്ടിൽ കാസർകോട് ജില്ലാസെക്രട്ടറിയും കുഞ്ഞമ്പു എംഎൽഎയും സന്ദർശനം നടത്തിയതും വിവാദമായിരുന്നു.

ഭാര്യയെ കൊന്ന് കഷ്ണങ്ങളാക്കി, പ്രഷർകുക്കറിൽ വേവിച്ച് കായലിൽ തള്ളി

ഹൈദരാബാദ്: യുവതിയെ കൊലപ്പെടുത്തിയശേഷം മൃതദേഹം കഷ്ണങ്ങളാക്കി പ്രഷർകുക്കറിൽ വേവിച്ച് കായലിൽ തള്ളി ഭർത്താവ്. ഹൈദരാബാദിലാണ് ഞെട്ടിക്കുന്ന സംഭവം. ഭാര്യയായ വെങ്കട്ട മാധവി(35)യെ ഭർത്താവ് ഗുരുമൂർത്തിയാണ് ക്രൂരമായി കൊലപ്പെടുത്തിയത്.

ജനുവരി 16-നാണ് മാധവിയെ കാണാനില്ലെന്ന് ബന്ധുക്കൾ പോലീസിൽ പരാതി നൽകിയത്. അന്വേഷണത്തിന്റെ ആദ്യഘട്ടം മുതലേ പോലീസിന് ഭർത്താവായ ഗുരുമൂർത്തിയെ സംശയമുണ്ടായിരുന്നു. തുടർന്നു നടത്തിയ ചോദ്യംചെയ്യലിൽ ഇയാൾ കുറ്റം സമ്മതിക്കുകയായിരുന്നു.

മാധവിയെ കൊലപ്പെടുത്തിയശേഷം ശുചിമുറിയിൽ വെച്ചാണ് മൃതദേഹം ഇയാൾ വെട്ടിനുറുക്കിയത്. തുടർന്ന് മാംസവും എല്ലുകളും വേർപ്പെടുത്തുകയായിരുന്നു. ആദ്യം മാസം വേവിക്കുകയും പിന്നീട് കീടനാശിനി ഉപയോഗിച്ച് എല്ലുകൾ കുക്കറിലിട്ട് തിളപ്പിക്കുകയും ചെയ്തു. മൂന്നുദിവസങ്ങളിലായി പല തവണയായാണ് ശരീരഭാഗങ്ങൾ വേവിച്ചെടുത്തത്. തുടർന്ന് ഇവ കായലിൽ തള്ളുകയായിരുന്നു.

മുൻ സൈനികനായ ഇയാൾ, നിലവിൽ ഡിഫൻസ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഓർഗനൈസേഷനിൽ (ഡി.ആർ.ഡി.ഒ.) സെക്യൂരിറ്റി ഗാർഡാണ്. ഇവർക്ക് രണ്ട് കുട്ടികളും ഉണ്ട്. ദമ്പതിമാർ തമ്മിൽ നിരന്തരം വഴക്ക് ഉണ്ടാകാറുണ്ടായിരുന്നു എന്നാണ് റിപ്പോർട്ട്. എന്നാൽ കൊലപാതകത്തിന്റെ കാരണം വ്യക്തമല്ല. പോലീസ് അന്വേഷണം ഊർജിതമാക്കിയിട്ടുണ്ട്.

ശരിക്കും കുത്തേറ്റോ അതോ അഭിനയമോ? സെയ്ഫ് അലി ഖാന് നേരെ ചോദ്യവുമായി ബിജെപി മന്ത്രി

മുംബയ്: മോഷ്ടാവിന്റെ ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ നടൻ സെയ്ഫ് അലി ഖാൻ കഴിഞ്ഞദിവസമാണ് ആശുപത്രി വിട്ടത്. ബാന്ദ്രയിലെ ലീലാവതി ആശുപത്രിയിൽ നിന്നും താരം വീട്ടിലേക്ക് മടങ്ങുന്നതിന്റെ വീഡിയോ സോഷ്യൽ മീഡിയയിൽ വ്യാപകമായി പ്രചരിച്ചിരുന്നു. ഇപ്പോഴിതാ താരത്തെ കടുത്ത ഭാഷയിൽ വിമർശിച്ചിരിക്കുകയാണ് മഹാരാഷ്ട്രയിലെ ബിജെപി മന്ത്രിയായ നിതേഷ് റാണെ. ആക്രമണം ശരിക്കും ഉണ്ടായതാണോ അതോ നടന്റെ അഭിനയം മാത്രമാണോയെന്ന് മന്ത്രി ചോദിച്ചു.

'ഡിസ്ചാർജിന് ശേഷം സെയ്ഫ് അലിഖാനെ കണ്ടപ്പോൾ അദ്ദേഹത്തിന് ശരിക്കും കുത്തേറ്റോ അതോ വെറും അഭിനയം മാത്രമാണോയെന്ന് സംശയം തോന്നി. ഒരു ഖാന് പ്രശ്നമുണ്ടാകുമ്പോൾ മാത്രമാണ് പ്രതിപക്ഷം ആശങ്കാകുലരാവുന്നത്. സുപ്രിയ സുലെ സെയ്ഫ് അലിഖാനുവേണ്ടിയും ഷാരൂഖ് ഖാന്റെ മകനുവേണ്ടിയും ആശങ്കകൊള്ളുന്നു. ഒരു ഹിന്ദു താരത്തിനുവേണ്ടി അവർ ആശങ്കകൊള്ളുന്നത് കേട്ടിട്ടുണ്ടോ?'–പൂനെയിൽ നടന്ന ഒരു പരിപാടിയിൽ സംസാരിക്കുന്നതിനിടെ റാണെ ചോദിച്ചു.

ആറ് കുത്തുകളേറ്റ് ഗുരുതരാവസ്ഥയിലായിരുന്ന സെയ്ഫ് അതിവേഗം സാധാരണ ജീവിതത്തിലേക്ക് മടങ്ങിവന്നതിൽ സമൂഹമാദ്ധ്യമ ഉപഭോക്താക്കളിൽ ചിലരും സംശയം പ്രകടിപ്പിച്ചിരുന്നു. മേജർ സർജറി ചെയ്തുവെന്ന് പറഞ്ഞ് സെയ്ഫ് ജനങ്ങളെ കബളിപ്പിക്കുകയായിരുന്നുവെന്നും, നട്ടെല്ലിന് ശസ്ത്രക്രിയ കഴിഞ്ഞ ഒരാൾക്ക് ദിവസങ്ങൾക്കുള്ളിൽ ഇങ്ങനെ നടക്കാൻ സാധിക്കുമോ എന്നുമാണ് സോഷ്യൽ മീഡിയയിലെ ഒരു വിഭാഗം ചോദ്യമുന്നയിച്ചത്.

കനത്ത പൊലീസ് സുരക്ഷയിലാണ് സെയ്ഫ് അലി ഖാൻ ആശുപത്രി വിട്ടത്. മാദ്ധ്യമങ്ങൾക്കും ആരാധകർക്കും നേരെ അദ്ദേഹം കൈവീശി കാണിക്കുന്ന വീഡിയോയാണ് പുറത്തുവന്നത്. ഇതിന് പിന്നാലെയാണ് സമൂഹമാദ്ധ്യമങ്ങളിൽ ഉൾപ്പെടെ ചോദ്യങ്ങൾ ഉയർന്നത്.

ഇന്ത്യയിലേക്ക് ഒരിഞ്ച് നുഴഞ്ഞുകയറാൻ ഇനി പാകിസ്ഥാൻ ഭയക്കും, ഒപ്പം ഭീകരരെ അയക്കാനും

ന്യൂഡൽഹി: പാകിസ്ഥാനിൽ നിന്ന് ഭീകരർ ഇന്ത്യയിലേക്ക് നുഴഞ്ഞുകയറിയേക്കുമെന്ന ഇന്റലിജൻസ് റിപ്പോർട്ടിനെ തുടർന്ന് അതിർത്തിരക്ഷാ സേന കടുത്ത നടപടികൾ സ്വീകരിച്ചുതുടങ്ങി.

അതിർത്തിയിൽ ഭീകരർ തുരങ്കങ്ങൾ ഉണ്ടാക്കാനുള്ള സാദ്ധ്യത മുന്നിൽക്കണ്ട് അത് ചെറുക്കാനുള്ള നടപടികൾക്കാണ് മുൻതൂക്കം നൽകുന്നത്. ഇതിനായുള്ള ശ്രമങ്ങൾ അതിർത്തിരക്ഷാ സേന മാസങ്ങൾക്കുമുമ്പുതന്നെ ആരംഭിച്ചു. അതിർത്തികടന്നുള്ള തുരങ്കങ്ങൾ നിർമ്മിക്കുന്നത് ശാസ്ത്രീയമായി തടയാനുള്ള മാർഗങ്ങളാണ് സേന കൂടുതലായും സ്വീകരിക്കുന്നതെന്നാണ് റിപ്പോർട്ട്. തുരങ്ക നിർമ്മാണത്തിന് സാദ്ധ്യത കൂടിയ സ്ഥലങ്ങളെപ്പറ്റി നേരത്തേ ഇന്റലിജൻസ് റിപ്പോർട്ട് നൽകിയിരുന്നു.

പാകിസ്ഥാനുമായുള്ള അന്താരാഷ്ട്ര അതിർത്തിയിൽ 33കിലോ മീറ്റർ ഭാഗത്ത് തുരങ്കങ്ങൾ വഴിയുള്ള നുഴഞ്ഞുകയറ്റം തടയുന്നതിനായി കിടങ്ങുകൾ കുഴിക്കുന്നുണ്ട്. ഇതിൽ 24കിലോമീറ്റർ ഭാഗത്ത് നിർമ്മാണം പൂർത്തിയായി. ശേഷിക്കുന്ന ഭാഗത്തെ കിടങ്ങുനിർമ്മാണവും ഉടൻ പൂർത്തിയാക്കുമെന്നാണ് റിപ്പോർട്ട്. നൂതന യന്ത്രസംവിധാനങ്ങളാണ് ഇതിനായി ഉപയോഗിക്കുന്നത്. നാലടി വീതിയും പത്തടി ആഴവുമുള്ള കിടങ്ങുകളാണ് അതിർത്തിയിൽ നിർമ്മിക്കുന്നത്.

ജമ്മു, സാംബ, കത്വ എന്നിവിടങ്ങളിലെ അതി നിർണായകമായ പ്രദേശങ്ങളിലാണ് കൂടുതൽ ശ്രദ്ധ നൽകുന്നത്. നേരത്തേ ഈ പ്രദേശങ്ങളിൽ ചില തുരങ്കങ്ങൾ കണ്ടെത്തിയിരുന്നു. ഗുജറാത്ത്, രാജസ്ഥാൻ, പഞ്ചാബ്, ജമ്മു കാശ്മീർ, ലഡാക്ക് എന്നിവിടങ്ങളിലായി ഇന്ത്യ പാകിസ്ഥാനുമായി 3,323 കിലോമീറ്റർ കര അതിർത്തി പങ്കിടുന്നുണ്ട്.

സൈന്യം സർവശക്തിയും എടുത്ത് അടിക്കാൻ തുടങ്ങിയതോടെ അതിർത്തികടന്നുള്ള നുഴഞ്ഞുകയറ്റവും ഭീകരപ്രവർത്തനവും അല്പമൊന്ന് കുറഞ്ഞിരുന്നതാണ്. എന്നാൽ അടുത്തിടെയായി അത് വീണ്ടും വർദ്ധിച്ചിട്ടുണ്ട്.

നുഴഞ്ഞുകയറ്റം സൈന്യം തകർക്കുമെന്നതിനാൽ ഡ്രോണുകൾ ഉപയോഗിച്ച് ഇന്ത്യൻ പ്രദേശത്തേക്ക് ആയുധങ്ങളും മറ്റും കടത്താനാണ് പാകിസ്ഥാൻ ഇപ്പോൾ കൂടുതലും ശ്രമിക്കുന്നത്.

257 ഡ്രോണുകളാണ് കഴിഞ്ഞവർഷം ഇന്ത്യൻ അതിർത്തി കടക്കാൻ ശ്രമിച്ചത്. ഇതോടെ അതിർത്തി രക്ഷാ സേന ആന്റി–ഡ്രോൺ സംവിധാനങ്ങൾ വിന്യസിച്ചിട്ടുണ്ട്. ഇതിനൊപ്പം പ്രദേശങ്ങളിൽ ശക്തമായ നിയന്ത്രണം നിലനിർത്തുന്നതിനായി ആന്റി–ഇൻഫിൽട്രേഷൻ റോളുകളിൽ കൂടുതൽ ബറ്റാലിയനുകളെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ മികച്ച നിരീക്ഷണത്തിനായി സിസിടിവി/പിടി സെഡ്, ബുള്ളറ്റ് ക്യാമറകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

ആചാരത്തിന്റെ ഭാഗമായി കാഞ്ഞിരക്കായ കഴിച്ചു, വെളിച്ചപ്പാടായി തുള്ളിയ യുവാവിന് ദാരുണാന്ത്യം

പാലക്കാട്: ആചാരത്തിന്റെ ഭാഗമായി കാഞ്ഞിരക്കായ കഴിച്ച യുവാവ് മരിച്ചു. പാലക്കാട് പരതൂർ കുളമുക്കിൽ ഇന്നലെയാണ് സംഭവം. കുളമുക്ക് സ്വദേശി ഷൈജു (43) ആണ് മരിച്ചത്. പ്രദേശത്തുള്ള ആട്ട് (തുള്ളൽ) എന്നൊരു ആചാരത്തിന്റെ ഭാഗമായാണ് ഷൈജു കാഞ്ഞിരക്കായ കഴിച്ചത്.

500ലേറെ കുടുംബങ്ങൾ ഒത്തുചേർന്നാണ് വർഷംതോറും ചടങ്ങ് നടത്താറുള്ളത്. ഷൈജുവാണ് വെളിച്ചപ്പാടായി തുള്ളിയത്. ആചാരത്തിന്റെ ഭാഗമായി വെളിച്ചപ്പാടിന് പഴങ്ങൾ നൽകാറുണ്ട്. ഇതിനെത്തുടർന്നാണ് കാഞ്ഞിരക്കായയും കഴിച്ചത്. കായ കഴിച്ചതിനുശേഷം തുപ്പിക്കളയുകയാണ് പതിവ്. എന്നാൽ ഷൈജു രണ്ടുമൂന്ന് കായകൾ ഒരുമിച്ച് കടിച്ചുവെന്നും പിന്നീട് തുപ്പിക്കളഞ്ഞില്ലെന്നുമാണ് വിവരം.

പിന്നാലെ വീട്ടിൽപോയ ഷൈജു കുളിച്ചതിനുശേഷമാണ് ശാരീരിക അസ്വസ്ഥതകൾ ഉണ്ടായത്. തുടർന്ന് ആശുപത്രിയിൽ എത്തിച്ചെങ്കിലും മരണപ്പെടുകയായിരുന്നു. ഇന്നലെ രാത്രിയായിരുന്നു അന്ത്യം.

മഹാരാഷ്ട്ര ട്രെയിൻ അപകടം: മരിച്ചവരുടെ എണ്ണം 13 ആയി, നഷ്ടപരിഹാരം പ്രഖ്യാപിച്ച് റെയിൽവേ

മുംബയ്: മഹാരാഷ്ട്രയിലെ ജൽഗാവ് ജില്ലയിലുണ്ടായ ട്രെയിൻ അപകടത്തിൽ മരിച്ചവരുടെ എണ്ണം 13 ആയി. ബോഗിയിൽ തീപിടിച്ചെന്ന് കരുതി പരിഭ്രമിച്ച് ട്രെയിനിൽ നിന്ന് ചാടിയവർ സമീപ ട്രാക്കിലൂടെ എതിർ ദിശയിലെത്തിയ ട്രെയിനിടിച്ചാണ് മരിച്ചത്. അപകടത്തിൽ 9 പേർക്ക് ഗുരുതരമായി പരിക്കേറ്റു. മരിച്ചവരുടെ കുടുംബങ്ങൾക്ക് 1.5 ലക്ഷം രൂപ വീതവും, ഗുരുതരമായി പരിക്കേറ്റവർക്ക് 50,000 രൂപ വീതവും, നിസാര പരിക്കേറ്റവർക്ക് 5,000 രൂപ വീതവും റെയിൽവേ മന്ത്രാലയം നഷ്ടപരിഹാരം പ്രഖ്യാപിച്ചു. നേരത്തേ മരിച്ചവരുടെ കുടുംബങ്ങൾക്ക് മഹാരാഷ്ട്ര സർക്കാർ 5 ലക്ഷം രൂപ നഷ്ടപരിഹാരം പ്രഖ്യാപിച്ചിരുന്നു. അപകടത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ദുഃഖം രേഖപ്പെടുത്തുകയും മരിച്ചവരുടെ കുടുംബങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്തു.

മുംബയിൽ നിന്ന് 400 കിലോമീറ്റർ അകലെ പച്ചോറയ്ക്ക് സമീപമുള്ള മഹേജി, പർധഡെ സ്റ്റേഷനുകൾക്കിടയിൽ ഇന്നലെ വൈകിട്ട് അഞ്ചോടെയായിരുന്നു അപകടം. ലക്നൗവിൽ നിന്ന് മുംബയിലേക്ക് വന്ന പുഷ്പക് എക്സ്പ്രസിൽ സഞ്ചരിച്ചിരുന്ന 25ഓളം പേർ തീയും പുകയും കണ്ട് ട്രെയിനിൽ നിന്ന് ചാടിയെന്നാണ് വിവരം. യാത്രക്കാർ ചങ്ങല വലിച്ച് ട്രെയിൻ നിറുത്തിയശേഷം ചാടുകയായിരുന്നു. ട്രെയിനിൽ തീപിടിത്തമുണ്ടായെന്ന് സ്ഥിരീകരിച്ചിട്ടില്ല. ബ്രേക്ക് ചെയ്യുന്നതിനിടെ തീപ്പൊരിയും പുകയും ഉയർന്നതാണെന്നും തീപിടിച്ചതല്ലെന്നുമാണ് റിപ്പോർട്ട്.

ബംഗളൂരു– ന്യൂഡൽഹി കർണാടക എക്സ്പ്രസാണ് യാത്രക്കാരെ ഇടിച്ചത്. അപകടത്തിൽപ്പെട്ട പലരുടെയും മൃതദേഹങ്ങൾ തിരിച്ചറിയാനാവാത്ത വിധം ചിന്നിച്ചിതറിപ്പോയെന്നാണ് റിപ്പോർട്ടുകൾ. റെയിൽവേ ഉദ്യോഗസ്ഥരടക്കം രക്ഷാപ്രവർത്തനത്തിന് മേൽനോട്ടം വഹിച്ചു. ഉന്നത ഉദ്യോഗസ്ഥർ സ്ഥലത്തെത്തി. സംഭവം വേദനാജനകമാണെന്നും പരിക്കേറ്റവർക്ക് ചികിത്സ ഉറപ്പുവരുത്തിയതായും മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ് എക്സിൽ കുറിച്ചു.

'മാതൃകാപരമായ പൊതുജീവിതം നയിച്ച വ്യക്തി, കാണാൻ ഒരുപാട് ആഗ്രഹിച്ചു'; വി എസിനെ സന്ദർശിച്ച് ആർലേക്കർ

തിരു: മുൻ മുൻമുഖ്യമന്ത്രി വിഎസ് അച്യുതാനന്ദനെ സന്ദർശിച്ച് കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. തിരുവനന്തപുരത്ത് വിഎസിന്റെ വസതിയിലെത്തിയായിരുന്നു സന്ദർശനം. തന്റെ കോളേജ് പഠനകാലം മുതൽ വിഎസിനെ കുറിച്ച് കേട്ടിട്ടുണ്ടെന്നും മാതൃകാപരമായ പൊതുജീവിതം നയിച്ച വ്യക്തിയാണ് അദ്ദേഹമെന്നും ഗവർണർ സന്ദർശനത്തിന് ശേഷം മാദ്ധ്യമങ്ങളോട് പറഞ്ഞു.

'ഗവർണറായി എത്തിയപ്പോൾ അദ്ദേഹത്തെ കാണണമെന്ന് ആഗ്രഹിച്ചിരുന്നു. ഭാഗ്യവശാൽ അദ്ദേഹത്തെയും കുടുംബത്തേയും കാണാനും സംസാരിക്കാനും സാധിച്ചു. അനാരോഗ്യം കാരണം വിഎസിന് സംസാരിക്കാൻ കഴിഞ്ഞില്ലെങ്കിലും അദ്ദേഹവുമായി ആശയ വിനിമയം നടത്താനായി. അദ്ദേഹം ആരോഗ്യവാനായിരിക്കാൻ ഞാൻ പ്രാർത്ഥിക്കുന്നു', ആർലേക്കർ പറഞ്ഞു.

യുജിസി ബില്ലിനെ കുറിച്ചുള്ള ചോദ്യത്തിനും ഗവർണർ നിലപാട് വ്യക്തമാക്കി. കരട് നയമാണ് ഇപ്പോൾ പുറത്തുവന്നതെന്ന് പറഞ്ഞ അദ്ദേഹം, ജനാധിപത്യ സംവിധാനത്തിൽ അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യം എല്ലാവർക്കുമുണ്ടെന്നും ചർച്ചകൾക്കുള്ള ഇടമുണ്ടെന്നും വ്യക്തമാക്കി.

കഴിഞ്ഞ ദിവസം മുഖ്യമന്ത്രി പിണറായി വിജയൻ രാജ്ഭവനിലെത്തി ഗവർണറുമായി സൗഹൃദ കൂടിക്കാഴ്ച നടത്തിയിരുന്നു. സിപിഎം മുഖപത്രത്തിലെ ലേഖനത്തിൽ സിപിഎം സംസ്ഥാന സെക്രട്ടറി എംവി ഗോവിന്ദൻ, ആർലേക്കറെ പ്രശംസിക്കുകയും ചെയ്തിരുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ലക്ഷ്യം വയ്ക്കുന്ന നവകേരള നിർമാണത്തിൽ ഊന്നൽ നൽകിയുള്ള നയപ്രഖ്യാപന പ്രസംഗമാണ് ഗവർണർ നടത്തിയതെന്നും കേന്ദ്ര സർക്കാരിനെതിരെ വിമർശനമുണ്ടെങ്കിലും അതിന്റെ പേരിൽ ഭരണഘടനാ ചുമതല നിർവഹിക്കുന്നതിൽ നിന്ന് വിട്ടുനിൽക്കാൻ ഗവർണർ തയ്യാറായില്ലെന്നത് സ്വാഗതാർഹമാണെന്നുമായിരുന്നു ഗോവിന്ദന്റെ പരാമർശം.

മുൻ ഗവർണർ ആരിഫ് മുഹമ്മദ് ഖാനിൽ നിന്നും വ്യത്യസ്തമായി സംസ്ഥാന സർക്കാരിന്റെ നയപ്രഖ്യാപന പ്രസംഗം മുഴുവനായി വായിക്കാൻ പുതിയ ഗവർണർ തയ്യാറായെന്നും തുടർന്നുള്ള ദിവസങ്ങളിലും ഗവർണറുടെ ഭാഗത്ത് നിന്നും സമാനമായ സമീപനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നതായും ഗോവിന്ദൻ ലേഖനത്തിൽ പറയുന്നുണ്ട്.

'ഉത്സവങ്ങൾ തടസ്സപ്പെടുത്താൻ ശ്രമം'; തിരുവമ്പാടി, പാറമേക്കാവ് ദേവസ്വങ്ങൾ സുപ്രീംകോടതിയിൽ

ന്യൂഡൽഹി: കേരളത്തിലെ ക്ഷേത്രങ്ങളിൽ നടക്കാനിരിക്കുന്ന ഉത്സവങ്ങൾ തടസ്സപ്പെടുത്താൻ ശ്രമം നടക്കുന്നതായി തിരുവമ്പാടി, പാറമേക്കാവ് ദേവസ്വങ്ങൾ. ശിവരാത്രിയുൾപ്പടെ ഉടൻ നടക്കാനിരിക്കുന്ന ഉത്സവങ്ങൾ അലങ്കോലപ്പെടുത്താനാണ് ശ്രമം നടക്കുന്നതെന്ന് ദേവസ്വങ്ങൾ സുപ്രീംകോടതിയിൽ ആരോപിച്ചു. ആനയെഴുന്നള്ളിപ്പിന് കടുത്ത നിയന്ത്രണങ്ങൾ നിർദേശിക്കുന്ന കേരള ഹൈക്കോടതി വിധിക്ക് ഏർപ്പെടുത്തിയ സ്റ്റേക്ക് എതിരായ അപേക്ഷ അടിയന്തരമായി പരിഗണിക്കണമെന്ന് ആവശ്യത്തിനിടെയാണ് ദേവസ്വങ്ങൾ ഈ ആരോപണം സുപ്രീംകോടതിയിൽ ഉന്നയിച്ചത്.

ആനയെഴുന്നള്ളിപ്പിന് കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഹൈക്കോടതി പുറപ്പെടുവിച്ച മാർഗ്ഗരേഖ അപ്രായോഗികമാണെന്ന് വ്യക്തമാക്കി സുപ്രീംകോടതി നേരത്തെ സ്റ്റേ ചെയ്തിരുന്നു. എന്നാൽ ഈ സ്റ്റേ ഉത്തരവ് നിലവിൽ വന്നതിന് ശേഷം മലപ്പുറം ജില്ലയിലെ പുതിയങ്ങാടി പള്ളിയിൽ നടന്ന നേർച്ചയ്ക്കിടെ ആനയിടഞ്ഞുവെന്ന് ചൂണ്ടിക്കാട്ടിയാണ് കേസിലെ എതിർകക്ഷിയായ വി കെ വെങ്കിടാചലം സുപ്രീംകോടതിയെ സമീപിച്ചത്. ഹൈക്കോടതി വിധിക്ക് ഏർപ്പെടുത്തിയ സ്റ്റേ നീക്കണമെന്നും വെങ്കിടാചലത്തിന്റെ അഭിഭാഷക കോടതിയിൽ ആവശ്യപ്പെട്ടു.

ആനയിടഞ്ഞതിനെ തുടർന്ന് അപകടം ഉണ്ടായെന്നും അഭിഭാഷക കോടതിയിൽ ചൂണ്ടിക്കാട്ടി. എന്നാൽ ഈ വിഷയം കേരള ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ജസ്റ്റിസ് ബി.വി.നാഗരത്ന

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

സായ്നികേതൻ വാർഷികാഘോഷവും കുടുംബംസംഗമവും കേരള കലാമണ്ഡലം സർവ്വകലാശാല വൈസ് ചാൻസലർ ഡോ.അനന്തകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

സായ്നികേതൻ വാർഷികവും സാഫല്യം സ്മരണിക പ്രകാശനവും

തൃശൂർ: അനാഥരും തിരസകൃതരുമായ നവജാത ശിശുക്കളെ ഏറ്റെടുത്ത് പരിപാലിച്ച് സുരക്ഷിതകരങ്ങളിലേക്ക് ദത്ത് നല്കുകയും വാർദ്ധക്യത്തിൽ നിരാംലബരും നിസ്വരുമാകുന്നവർക്ക് അഭയവും നൽകി സുഖജീവിതവും ഉറപ്പാക്കുകയും ചെയ്യുന്ന സായ്നികേതൻ 26-ാം വാർഷികവും കുടുംബസംഗമവും കേരള കലാമണ്ഡലം സർവ്വകലാശാല വൈസ് ചാൻസലർ ഡോ.ബി.അനന്തകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

സായ് നികേതൻ രജതജൂബിലിയുടെ ഭാഗമായി പ്രസിദ്ധീകരിച്ച സാഫല്യം സ്മരണിക എഴുത്തച്ഛൻ പുരസ്കാര ജേതാവ് എസ്.കെ.വസന്തൻ ആദ്യപ്രതി സായ്നികേതൻ മുൻ പ്രസിഡണ്ട് നളിനി രാധാകൃഷ്ണന് നൽകി പ്രകാശനം ചെയ്തു. സുരക്ഷിതത്വം എന്ന ലക്ഷ്യത്തിലൂന്നിയാണ് പുതിയ തലമുറയുടെ ജീവിത പ്രയാണവും പരിസരങ്ങൾഒരുങ്ങിവരുന്നതെന്നും എന്നാൽ വ്യക്തിത്വത്തിലെ പൂർണ്ണത കൂടി സന്തുലിതമായി സംഭവിക്കാതിരുന്നാൽ ഫലമില്ലെന്നും അനന്തകൃഷ്ണൻ പറഞ്ഞു. സായ് നികേതൻ പ്രസിഡണ്ട് ഒപിബാലമേനോൻ അധ്യക്ഷത വഹിച്ചു. വൈസ്പ്രസിഡണ്ട് ശ്രീധരൻ തേറമ്പിൽ, മുൻ നിയമസഭാ സ്പീക്കർ അഡ്വ.തേറമ്പിൽ രാമകൃഷ്ണൻ, മുളംകുന്നത്തുകാവ് പഞ്ചായത്ത് പ്രസിഡണ്ട് ബൈജു ദേവസി, കോർപ്പറേഷൻ കൗൺസിലർ പൂർണ്ണിമ സുരേഷ്, മുൻ എം.എൽ.എ. ടി. വി.ചന്ദ്രമോഹൻ, മുൻ മേയർ കെ.രാധാകൃഷ്ണൻ, അഡ്വ. എം. എ.കൃഷ്ണനുണ്ണി, ഡോ.രാജശ്വേരി കുഞ്ഞമ്മ, ഡേവിഡ് കണ്ണനായ്ക്കൽ, കോർഡിനേറ്റർ സി. കെ.കുട്ടിശങ്കരൻ, നർമ്മദ ഉണ്ണി പ്രസംഗിച്ചു.

എ.ശിവദാസ്, ഡോ.നളിനി രാധാകൃഷ്ണൻ, രാധിക കൃഷ്ണൻ വിവിധ സഹായധന പദ്ധതികൾ വിതരണം ചെയ്തു. സ്ഥാപക പ്രസിഡണ്ട് ഡോ.ടി. ഐ. രാധാകൃഷ്ണന്റെ ഛായാചിത്രത്തിൽ പുഷ്പാർച്ചനയോടെയാണ് പരിപാടികൾ തുടങ്ങിയത്. സായ് നികേതൻ അന്തേവാസികളുടെ കലാപരിപാടികളുമുണ്ടായി.

മെഗാ ക്യാമ്പസ് ക്വിസ് 2K25: പ്രഥമ സോണൽ റൗണ്ട് തൃശൂർ സെന്റ് മേരീസ് കോളേജിൽ നടന്നു

ഇരിങ്ങാലക്കുട: കാറ്റലിസ്റ്റ് എഡ്യൂക്കേഷൻയും ക്യാമ്പസ് ന്യൂസ്.in ന്റെയും സഹകരണത്തോടെ തൃശൂർ സെന്റ് തോമസ് കോളേജ് (ഓട്ടോണോമസ്) ലെ ക്വിസ് ക്ലബ്സംഘടിപ്പിക്കുന്ന മെഗാ ക്യാമ്പസ് ക്വിസ്

2K25ന്റെ പ്രഥമ സോണൽ റൗണ്ട്, സെന്റ് മേരീസ് കോളേജ് (ഓട്ടോണോമസ്), തൃശൂരിൽ വച്ചു നടന്നു സംഘടിപ്പിച്ചു. രാവിലെ 10:30-ന് ആരംഭിച്ച പരിപാടി കാറ്റലിസ്റ്റ് എഡ്യൂക്കേഷൻ ബിസിനസ് ഡെവലപ്മെന്റ് മാനേജർ ദീപക് രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു.

വിവിധ കോഴ്സുകളിൽ നിന്നുമുള്ള 138 വിദ്യാർത്ഥിളുടെ സജീവ പങ്കാളിത്തം പരിപാടിയെ സമ്പുഷ്ടമാക്കി. പൊതുജ്ഞാനം (ഇന്ത്യയും കേരളവും), ശാസ്ത്ര-സാങ്കേതികവിദ്യ, ചരിത്രം-രാഷ്ട്രീയം, സാമ്പത്തികം-ബിസിനസ്, ഇപ്പോഴത്തെ സംഭവങ്ങൾ, മറ്റ് വിഷയങ്ങൾ എന്നിവ ഉൾപ്പെടുത്തിയുള്ള ഒരു പൊതുക്വിസ് ആയിരുന്നു ഇത്.

ക്യാമ്പസ് ന്യൂസ്.ശി തയ്യാറാക്കിയ 30 വ്യത്യസ്തമായ ചോദ്യങ്ങൾ 60 സെക്കൻഡ് വീതമുള്ള സമയം നൽകിക്കൊണ്ട് വിദ്യാർത്ഥികൾക്ക് ഉത്തരം എഴുതേണ്ടതായി വന്നു. സമ്പൂർണ്ണമായി ഓട്ടോമേറ്റഡ് ചെയ്ത ക്വിസ് പരിപാടി വിദ്യാർത്ഥികൾക്ക് സൗകര്യപ്രദവും വൈജ്ഞാനികവുമായ അനുഭവമായി മാറി.

സെന്റ് മേരീസ് കോളേജിന്റെ ക്വിസ് ക്ലബ് കോഓർഡിനേറ്റർ ഡോ. ലിറ്റി മാത്യുവിന്റെ നേതൃത്വത്തിൽ പരിപാടി കൃത്യതയോടെ ഏകോപിപ്പിച്ചു.

ഈ റൗണ്ടിൽ നിന്ന് സെമി ഫൈനലിലേക്ക് 5 ടീമുകളെ തിരഞ്ഞെടുക്കും. അവർക്ക് കുറഞ്ഞത് 1,000 രൂപയുള്ള മൂന്നാം സമ്മാനം ലഭിക്കും. മറ്റ് സോണൽ റൗണ്ടുകളുടെ വിജയികളുമായി മത്സരിച്ച് ഫൈനലിലേക്ക് പ്രവേശിക്കാനുള്ള അവസരം ഈ ടീമുകൾക്ക് ലഭിക്കും. സെമിഫൈനൽ, ഫൈനൽ റൗണ്ടുകൾ 2025 ഫെബ്രുവരി 11ന് സെന്റ് തോമസ് കോളേജ് (ഓട്ടോണോമസ്), തൃശൂരിൽ നടക്കും.

മെഗാ ക്യാമ്പസ് ക്വിസ് 2ഗ25 ന്റെ മൊത്തം സമ്മാനത്തുക 60,000 ആണ്. ഫൈനലിൽ വിജയിക്കുന്ന ടീമിന് 10,000 രൂപ സമ്മാനവും, നാല് റണ്ണറപ്പ് ടീമുകൾക്ക് ഓരോന്നിന് 2,500 രൂപ വീതവും ലഭിക്കും. സെമി ഫൈനലിലേക്ക് തെരഞ്ഞെടുക്കപ്പെട്ട 40 ടീമുകൾക്ക് കുറഞ്ഞത് 1,000 രൂപയുള്ള സമ്മാനം ഉറപ്പായും നൽകും.

മറ്റ് സോണൽ റൗണ്ടുകൾ നടത്തപ്പെടുന്ന സ്ഥാപനങ്ങൾ:

നിർമല ആർട്സ് & സയൻസ് കോളേജ്, മേലൂർ, ചാലക്കുടി, സെന്റ് ജോസഫ്സ് കോളേജ് (ഓട്ടോണോമസ്), ഇരിഞ്ഞാലക്കുട, പ്രജ്യോതി നികേതൻ കോളേജ്, പുതുക്കാട്, സെന്റ് അലോഷ്യസ് കോളേജ്, എൽത്തുരുത്ത്, ക്രൈസ്റ്റ് കോളേജ് (ഓട്ടോണോമസ്), ഇരിഞ്ഞാലക്കുട, നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി, പൊങ്ങം

കാത്തിരിപ്പിന് വിരാമം: 10 വർഷത്തിനുശേഷം യമനിൽ കുടുങ്ങിയ ഇരിങ്ങാലക്കുട സ്വദേശി ദിനേശൻ നാട്ടിലെത്തി

ഇരിങ്ങാലക്കുട : ഒരു പതിറ്റാണ്ടു കാലത്തെ കണ്ണീരും കാത്തിരിപ്പും പ്രാർഥനയും ഫലം കണ്ടു. യെമനിലെ യുദ്ധഭൂമിയിൽ കുടുങ്ങിയ ഇരിങ്ങാലക്കുട സ്വദേശി ദിനേശൻ നാട്ടിലെത്തി.

പൂമംഗലം പഞ്ചായത്തിലെ 13-ാം വാർഡിൽ താമസിച്ചിരുന്ന കുണ്ടൂർ വീട്ടിൽ പരേതനായ കൃഷ്ണൻകുട്ടിയുടെ മകൻ ദിനേശൻ (49) ആണ് പത്തു വർഷത്തിനു ശേഷം നാട്ടിലെത്തിത്.

സാമ്പത്തിക പ്രയാസത്തെ തുടർന്ന് ജീവിതം കരയ്ക്കടുപ്പിക്കാൻ 2014 നവംബറിലാണ് ദിനേശൻ യെമനിലേക്ക് ടൈൽസ് ജോലിക്കായി പോയത്.

യെമനിൽ എത്തി ആറാം മാസം അവിടെ ആഭ്യന്തര യുദ്ധം പൊട്ടി പുറപ്പെട്ടു. യുദ്ധഭീതിക്കിടയിൽ ജീവൻ പണയം വച്ച് ജീവിക്കുകയായിരുന്ന ദിനേശന് അവിടെ കടുത്ത ദുരിതങ്ങളാണ് നേരിടേണ്ടിവന്നത്.

ഇതിനിടയിൽ സ്പോൺസറുടെ കൈയ്യിൽ ദിനേശന്റെ പാസ്പോർട്ട് അകപ്പെട്ടു. പിന്നീട് സ്പോൺസർ മുങ്ങുകയും അയാളുടെ കയ്യിലുണ്ടായിരുന്ന പാസ്പോർട്ട് നഷ്ടപ്പെടുകയും ചെയ്തു.

നാട്ടിലെ വീട് കടക്കെണിയിൽ മുങ്ങി. ഭാര്യ അനിതയും മക്കളും വാടക വീടുകളിലേക്ക് മാറി.

കുറേ നാളുകൾ ദിനേശനെ കുറിച്ച് വിവരം ഒന്നും ഉണ്ടായില്ല. തിരിച്ചുകൊണ്ടുവരാൻ ദിനേശന്റെ ഭാര്യ അനിതയും സുഹൃത്തുക്കളും പലരെയും സമീപിച്ചെങ്കിലും നിരാശയായിരുന്നു ഫലം. പ്രതീക്ഷകളെല്ലാം അസ്തമിച്ച അവസ്ഥയായിരുന്നു കുടുംബത്തിന്റേത്.

കടബാധ്യത മൂലം പത്തു സെന്റ് സ്ഥലവും വീടും സഹകരണ ബാങ്കിന്റെ ജപ്തിയിലായി.

മകനെ അവസാനമായി ഒരു നോക്കു കാണാൻ ആഗ്രഹിച്ചിരുന്ന അമ്മ കല്യാണി 2015ൽ മരണമടഞ്ഞു. ജീവിതം മുന്നോട്ടു കൊണ്ടുപോകുവാൻ അനിത തൃശൂരിലെ സ്വകാര്യ ആശുപത്രിയിൽ ജോലിക്ക് പ്രവേശിച്ചു.

വീട് ജപ്തിയായതോടെ അനിതയും രണ്ടു കുഞ്ഞുമക്കളും സഹോദരൻ അനിലിന്റെ പറപ്പൂക്കര നെടുമ്പാളിലുള്ള വീട്ടിലേക്ക് താമസം മാറ്റി.

ഇതിനിടെയാണ് വിഷയം എടക്കുളം സ്വദേശിയായ ഉണ്ണി പൂമംഗലം പൊതുപ്രവർത്തകനായ വിപിൻ പാറമേക്കാട്ടിലിനോട് അവതരിപ്പിച്ചത്.

19 വർഷം പ്രവാസിയായിരുന്ന വിപിൻ തന്റെ ഗൾഫിലുള്ള ബന്ധങ്ങൾ ഉപയോഗിച്ച് ദിനേശനെ കണ്ടുപിടിക്കാൻ ശ്രമം ആരംഭിച്ചു.

ജീവിക്കുന്ന പ്രദേശം കണ്ടെത്തിയതിനെത്തുടർന്ന് തിരികെയെത്തിക്കാനുള്ള ശ്രമവും തുടങ്ങി.

പാസ്പോർട്ട് ഇല്ലാത്തതും പ്രദേശത്തെ യുദ്ധസമാന അന്തരീക്ഷവും വലിയ വെല്ലുവിളിയായി. ഇന്ത്യൻ എംബസിയുമായും പ്രധാനമന്ത്രിയുടെ ഓഫീസുമായും വിപിൻ നടത്തിയ ഇടപെടലുകൾക്ക് ഒപ്പം വലിയ തുക വിടുതൽ പ്രവർത്തനങ്ങൾക്കായി യെമനിലേക്ക് അയച്ച് നൽകി. ഇതോടെയാണ് ദിനേശന് നാട്ടിലെത്താനുള്ള വഴിയൊരുങ്ങിയത്.

കോട്ടയം സ്വദേശി ഷിജു ജോസഫ്, നിമിഷപ്രിയയുടെ മോചനത്തിനായി പ്രവർത്തിക്കുന്ന സാമൂഹ്യ പ്രവർത്തകൻ സാമുവൽ ജെറോം എന്നിവരും ഇക്കാര്യത്തിൽ ഇടപെട്ടു.

യെമനിലെ ഇന്ത്യൻ എംബസിയിലെ ഒരു ഉദ്യോഗസ്ഥനെ ദിനേശന്റെ മോചനത്തിനായി സർക്കാർ ചുമതലപ്പെടുത്തി.

പാസ്പോർട്ടിനുള്ള പണവും പാസ്പോർട്ട് ഇല്ലാതെ താമസിച്ചതിനുള്ള പിഴയും അടക്കം വലിയ ഒരു തുക അയച്ചു നൽകി. വിമാന ടിക്കറ്റും വിപിൻ തന്നെയാണ് എടുത്തു നൽകിയത്.

നാട്ടിലെത്തിയ ദിനേശൻ പൂമംഗലത്തെ കാടുപിടിച്ചു ജപ്തിയിൽ കിടക്കുന്ന വീട്ടിലെത്തിയ ശേഷമാണ് ഭാര്യയും മക്കളും ഇപ്പോൾ താമസിക്കുന്ന നെടുമ്പാളിലേക്ക് പോയത്.

ഏറെ നാളത്തെ പ്രാർഥനകൾക്കൊടുവിൽ അച്ഛനെ കണ്ട സന്തോഷത്തിലാണ് മക്കളായ പറപ്പൂക്കര പി വി എസ് സ്കൂളിലെ 8-ാം ക്ലാസ് വിദ്യാർഥിനി കൃഷ്ണവേണിയും തൊട്ടിപ്പാൾ ഗവ യുപി സ്കൂളിലെ 6-ാം ക്ലാസ് വിദ്യാർഥി സായ് കൃഷണയും ഭാര്യ അനിതയും.

സംസ്ഥാന കിഡ്സ് അത്‌ലറ്റിക്സ് മലപ്പുറം ജില്ല ചാമ്പ്യന്മാർ

തൃശൂർ: തൃശൂർ ജില്ലാ അത്‌ലറ്റിക്സ് അസ്സോസിയേഷന്റെ നേതൃത്വത്തിൽ നടന്ന സംസ്ഥാന കിഡ്സ് അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ മലപ്പുറം ജില്ലാ ചാമ്പ്യന്മാരായി. സ്കൂൾ തലത്തിൽ ഐഡിയൽ ഇംഗ്ലീഷ് സ്കൂൾ, കടക്കശ്ശേരി മലപ്പുറം സ്കൂളാണ് ചാമ്പ്യന്മാർ. തൃശൂർ കോർപ്പറേഷൻ സ്റ്റേഡിയത്തിലും വികെഎൻ മേനോൻ ഇൻഡോർ സ്റ്റേഡിയത്തിലുമായിമായി നടന്ന മത്സരത്തിൽ കേരളത്തിലെ 14 ജില്ലകളിൽനിന്നുള്ള 1,500 കുട്ടികൾ പങ്കെടുത്ത കിഡ്സ് അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പ് അക്ഷരാർത്ഥത്തിൽ കുട്ടികളുടെ കായിക ഉൽസവമായിമാറി. 4 മുതൽ 12 വയസ്സ് വരെ പ്രായമുള്ള കുട്ടികളെ 3 വിഭാഗങ്ങളിലായി നടന്ന ചാമ്പ്യൻഷിപ്പിൽ പങ്കെടുത്തവർക്കും കാണികൾക്കും ഒരുപോലെ ആനന്ദകരമായ അനുഭവമായിരുന്നു. 1590 പോയിന്റോടെ മലപ്പുറം ജില്ല ഒന്നാം സ്ഥാനവും, 1321 പോയിന്റോടെ പാലക്കാട് ജില്ലാ രണ്ടാം സ്ഥാനവും, 1297 പോയിന്റോടെ തൃശ്ശൂർ ജില്ലാ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഏറ്റവും മികച്ച സ്കൂളുകൾക്കുള്ള ചാമ്പ്യൻഷിപ്പിൽ 570 പോയിന്റോടെ ഐഡിയൽ ഇംഗ്ലീഷ് സ്കൂൾ, കടക്കശ്ശേരി മലപ്പുറം ഒന്നാം സ്ഥാനവും, 559 പോയിന്റോടെ സെന്റ് എലിസബത്ത് സ്കൂൾ, തൃശ്ശൂർ രണ്ടാം സ്ഥാനവും, 520 പോയിന്റോടെ വ്യാസ വിദ്യാപീഠം പാലക്കാട് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

ചാമ്പ്യൻഷിപ്പിന്റെ ഉദ്ഘാടനം തൃശ്ശൂർ ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ നിർവഹിച്ചു. കുട്ടികൾക്കായുള്ള ഇതുപോലെയുള്ള സംരംഭങ്ങൾ നാടിന്റെ നന്മക്കായി മാറുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. തൃശൂർ ഡെപ്യൂട്ടി മേയർ റോസി എ എൻ മുഖ്യാതിഥിയായിരുന്നു. സമ്മാനദാനച്ചടങ്ങിൽ പ്രശസ്ത സിനിമാ നടി ലിയോനാ ലിഷോയ് പ്രശസ്ത സിനിമാ നടൻ ലിഷോയ് എന്നിവർ ചേർന്ന് നിർവഹിച്ചു. ജില്ലാ അസ്സോസിയേഷൻ പ്രസിഡണ്ട് പ്രൊഫ. ഡോ. ഇ.യു. രാജൻ പരിപാടിയിൽ അധ്യക്ഷത വഹിച്ചു. കേരള സംസ്ഥാന അത്‌ലറ്റിക്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി ചന്ദ്രശേഖരൻ പിള്ള സ്വാഗത പ്രസംഗം നടത്തി. തൃശ്ശൂർ ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡണ്ട് കെ ആർ സാംബശിവൻ കീ നോട്ട് അഡ്രസ് അവതരിപ്പിക്കുകയും ജില്ലാ ഒളിമ്പിക് അസോസിയേഷൻ പ്രസിഡൻറ് ജോഫി മാത്യു ആശംസകൾ അർപ്പിക്കുകയും ചെയ്തു.

തൃശൂർ ജില്ലാ അത്‌ലറ്റിക്സ് അസോസിയേഷൻ സെക്രട്ടറി ഡോ. ഹരിദയാൽ കെ എസ്, പാട്രൻ പ്രൊഫ. എം എൻ നമ്പൂതിരി, ട്രഷറർ ഹേമലത, രാമചന്ദ്രൻ, ഡോ. സ്റ്റാലിൻ റാഫേൽ, കെ.കെ രവീന്ദ്രൻ, എസ്ആർഇ ഇ.എഡ്വാർഡ്, ഷിനിൽ കുര്യാകോസ്, സത്യൻ, ഖാദർമോൻ തുടങ്ങിയവർ പ്രസംഗിച്ചു.

സൗജന്യമായി സ്കൂളുകളിൽ ആർച്ചറി തുടങ്ങുന്നതിന് അപേക്ഷിക്കാം

തൃശൂർ: ഫിസിക്കലി ചലഞ്ച്ഡ് ഓൾ സ്പോർട്സ് അസോസിയേഷൻ കേരളയും ഫ്യൂച്ചർ ഒളിമ്പ്യൻസ് പ്രൊഫഷണൽ ആർച്ചറി അക്കാഡമിയും സംയുക്തമായി സ്കൂളുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാർക്കും, ഭിന്നശേഷി ഇല്ലാത്ത കുട്ടികൾക്കായി എല്ലാവർഷവും നടത്തുന്ന സൗജന്യ ആർച്ചറി വെക്കേഷൻ ക്യാമ്പ് ആരംഭിക്കുന്നതിന് തൃശ്ശൂർ ജില്ലയിലെ സ്കൂളുകളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. ഒളിമ്പിക്സ്, പാരാലിമ്പിക്സ്, സ്കൂൾ ഗെയിംസ് കായിക ഇനവും ദേശീയ അന്തർദേശീയ തലങ്ങളിൽ നിരവധി അവസരങ്ങൾ ഉള്ള ആർച്ചറി സ്പോർട്സ് വളർത്തുന്നതിനും, പുതിയ കായിക താരങ്ങളെ ഈ മേഖലക്ക് കൊണ്ടുവരുന്നതിനായി സൗജന്യ അമ്പെയ്ത്ത് ക്യാമ്പ് ആരംഭിക്കുന്നതിന് കുറഞ്ഞത് 70 മീറ്റർ സ്ഥലപരിധിയുള്ള സ്കൂളുകൾക്ക് അപേക്ഷിക്കാം.

നിരവധി കായിക ഇനങ്ങളിൽ ദേശീയ അന്തർദേശീയ മെഡലുകൾ കരസ്ഥമാക്കിയിട്ടുള്ളതും. ആർച്ചറിയിൽ ദേശീയ സംസ്ഥാന മെഡൽ ജേതാക്കളെ വാർത്തെടുത്തിട്ടുള്ള കിഷോർ എ എം-ന്റെ നേതൃത്വത്തിൽ ആയിരിക്കും പരിശീലനം. പരിശീലനത്തിന് ആവശ്യമായ ബോയും, ടാർഗറ്റും, പരിശീലനവും തികച്ചും സൗജന്യമായാണ് നൽകുന്നത്. ആഴ്ചയിൽ രണ്ടുദിവസങ്ങളിലായി ഏപ്രിൽ 1മുതൽ മെയ് 20 വരെ ആയിരിക്കും വെക്കേഷൻ ക്യാമ്പ്. സൗജന്യ വെക്കേഷൻ ക്യാമ്പ് തുടങ്ങുവാൻ താല്പര്യമുള്ള സ്കൂളുകൾ ജനുവരി 25 ശനിയാഴ്ച വൈകിട്ട് 5 ണിക്ക് മുമ്പ് അപേക്ഷകൾ അസോസിയേഷന്റെ ഇമെയിൽ അയക്കേണ്ടതാണ്.

അപേക്ഷാഫോമനും കൂടുതൽ വിവരങ്ങൾക്കും https://pcasak.weebly.com എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ, സംസ്ഥാന പ്രസിഡന്റിനെയോ ഉടൻ വിളിക്കുക. സംസ്ഥാന പ്രസിഡൻറ് കിഷോർ എ എം ഫോൺ 9809921065

കൂട്ടൻകുളങ്ങര ശ്രീമഹാവിഷ്ണു ക്ഷേത്രത്തിന്റെ ഉത്സവത്തോടനുബന്ധിച്ച് കൊടിയേറ്റം ചടങ്ങ് പുലിയന്നൂർ ബ്രഹ്മശ്രീ ശ്രീകൃഷ്ണൻ നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ നടന്നു. അതിനോടനുബന്ധിച്ച് നടന്ന പറ വഴിപാട് പ്രത്യേക ആകർഷകമായിരുന്നു

അടിയന്തിര നടപടി സ്വീകരിക്കണം

തൃശൂർ: സംസ്ഥാനത്ത് സർക്കാർ ജോലിയിൽ പട്ടികജാതി സംവരണ തസ്തികകളിൽ 6വർഷമായി നിയമനം നടത്താത്ത തസ്തികകളിൽ 90 ദിവസത്തിനകം നിയമനം നടത്തണമെന്ന ദേശീയ പട്ടികജാതി കമ്മീഷന്റെ ഉത്തരവിനെ സ്വാഗതം ചെയ്യുന്നതായിബിജെപി പട്ടികജാതി മോർച്ച സംസ്ഥാന പ്രസിഡന്റ് ഷാജുമോൻ വട്ടേക്കാട്.

നിർദേശം പാലിച്ചില്ലെങ്കിൽ കടുത്ത നടപടി നേരിടേണ്ടി വരുമെന്ന് ചീഫ് സെക്രട്ടറിയെ കമ്മീഷൻ അറിയിച്ചു. കമ്മീഷന്റെ ഉത്തരവ് കേരളത്തിലെ തൊഴിൽ രഹിതരായ പതിനായിരകണക്കിന് പട്ടികജാതിക്കാരായ ഉദ്യോഗാർഥികൾക്ക് ഗുണകരമാകും. PSC യെ നോക്കുകുത്തിയാക്കി പിൻവാതിൽ നിയമനങ്ങൾ നടത്തുകയാണ് പിണറായി സർക്കാർ ചെയ്യുന്നത്. സംസ്ഥാനത്തു അപ്രഖ്യാപിത നിയമന നിരോധനമാണ് നിലവിലുള്ളത്. ദേശീയ പട്ടികജാതി കമ്മീഷന്റെ ഉത്തരവ് നടപ്പിലാക്കാൻ ചീഫ് സെക്രട്ടറി അടിയന്തിര നടപടി സ്വീകരിക്കണമെന്നു പട്ടികജാതി മോർച്ച സംസ്ഥാന പ്രസിഡന്റ് ഷാജുമോൻ വട്ടേക്കാട് ആവശ്യപ്പെട്ടു

സെന്ററിൽ സൗജന്യ മെഡിക്കൽ ക്യാമ്പും മരുന്നു വിതരണവും സംഘടിപ്പിച്ചു

അഴീക്കോട് കോസ്റ്റൽ പോലീസും, കൊടുങ്ങല്ലൂർ താലൂക് ഹോസ്പിറ്റലും, മാടവന ഹെൽത്ത് സെന്ററും, കൊടുങ്ങല്ലൂർ ജാഗ്രത സമിതിയും സംയുക്തമായി 22.01.2025 ബുധൻ രാവിലെ 10 മണി മുതൽ ഉച്ചക്ക് 12.30 വരെയും അഴീക്കോട് ഫിഷിങ് ലാന്റ് സെന്ററിൽ സൗജന്യ മെഡിക്കൽ ക്യാമ്പും മരുന്നു വിതരണവും സംഘടിപ്പിച്ചു. അഴീക്കോട് എസ് ഐ സജി വർഗീസ് സ്വഗതം പറഞ്ഞ ചടങ്ങിൽ അഴീക്കോട്സബ് ഇൻസ്പെക്ടർ വി എൻ മണികണ്ഠൻ അധ്യക്ഷൻ ആയി. കൊടുങ്ങല്ലൂർ ഐഎസ്എച്ച്ഒ അരുൺ ബി കെ ഉത്ഘാടനം ചെയ്തു. ക്യാമ്പ് വിശദീകരണം ഡോക്ടർ ബിന്ദിയ യും, വാർഡ് മെമ്പർ പ്രസീന റാഫി മുഖ്യദിതി ആയി.

എസ് ഐ പ്രദീപ് ആശംസകൾ നേർന്നു സംസാരിച്ച ചടങ്ങിൽ. എസ് ഐ അജയ്, ബിജു ജോസ്, എ എസ് ഐ. സിന്ധു ജോയ്, സിബി രാജ്, പ്രേംകുമാർ, അയ്യപ്പ വിനോട്, ഷാമോൻ, കിരൺ, ലാസ്കർ ജവാബ്, വിപിൻ, പ്രവീൺ, ജെ എച്ച്.ഐ രോഹിത നന്ദി പറഞ്ഞു. മൽസ്യ തൊഴിലാളികൾ, മൽസ്യ വിതരണതൊഴിലാളി, യൂണിയൻ, അടക്കം 95 പേര് പങ്കെടുത്തു.

അയ്യന്തോൾ റസിഡൻസ് ഫോറത്തിന്റെ 24-ാമത് വാർഷിക പൊതുയോഗം അയ്യന്തോൾ പെൻഷൻ ഭവനിൽ നടന്നു. സീനിയർ അഡ്വക്കെറ്റ് എം പി ശ്രീകൃഷ്ണനാണ് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചത്

ഫോറം പ്രസിഡണ്ടായി കെ എച്ച് ഇസ്മയിൽ ഷെറീഫിനേയും സെക്രട്ടറിയായി അഡ്വ. ബി സജിത്തിനേയും ട്രഷററായി എം ആർ. സത്യനേയും തെരഞ്ഞെടുത്തു.

കെ എച്ച് ഇസ്മയിൽ ഷെറീഫ്

അഡ്വ. ബി സജിത്ത്

സാമൂഹ്യ സുരക്ഷ പെൻഷൻ 3000 രൂപയാക്കി ഉയർത്തുക

തൃശൂർ: സാമൂഹ്യ സുരക്ഷ പെൻഷൻ കേരള ബജറ്റിൽ മിനിമം 3000 രൂപയാക്കി ഉയർത്തുക സാമൂഹ്യ സുരക്ഷാ പെൻ ഷനേഴ്സ് ജനത എസ് എസ്പി ജെ കേരള ബജറ്റിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ മിനിമം 3000 രൂപ ആക്കിയും 80 വയസ്സ് കഴിഞ്ഞവർക്കും ഭിന്നശേഷിക്കാർക്കും 5000 രൂപ ആക്കിയും ഉയർത്തണമെന്ന് സാമൂഹ്യ സുരക്ഷ പെൻഷനേഴ്സ് ജനത എസ് എസ് പി ജെ സംസ്ഥാന കമ്മിറ്റി യോഗം ആവശ്യപ്പെട്ടു.

സാമൂഹ്യ സുരക്ഷാ പെൻഷൻകാർക്ക് പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പാക്കണം എന്നും ഭവനരഹിതരായ സാമൂഹ്യ സുരക്ഷാ പെൻഷൻകാർക്ക് ലൈഫ് മിഷൻ പദ്ധതിയിൽ ഉടൻ വീടുകൾ നിർമ്മിച്ചു നൽകണമെന്നും യോഗം ആവശ്യപ്പെട്ടു ഇക്കാര്യത്തിൽ മുഖ്യമന്ത്രിക്ക് പോസ്റ്റ് കാർഡുകൾ അയക്കുവാനും യോഗം തീരുമാനിച്ചു യോഗം സംസ്ഥാന രക്ഷാധികാരി അഡ്വക്കേറ്റ് ഷാജൻ മഞ്ഞളി ഉദ്ഘാടനം ചെയ്തു സംസ്ഥാന പ്രസിഡണ്ട് അഡ്വക്കേറ്റ് ജോക്കിൻ എ പെരേര അധ്യക്ഷത വഹിച്ചു. തൃശ്ശൂർ ജില്ലാ പ്രസിഡണ്ട് എൻ കെ രവീന്ദ്രൻ ഹരിദാസ് വയനാട് ഐ പി കുട്ടൻ എം എ ഇഗ്നേഷ്യസ് പി വി അനിൽകുമാർ മേരിക്കുട്ടി ഇഗ്നേഷ്യസ് എ എൽ പോൾ അബ്ദുൽ മനാഫ് കെ കെ സിദ്ധാർത്ഥൻ ടി എ കുര്യൻ ടി കെ സുധാകരൻ കെ പി പോൾസൺ തുടങ്ങിയവർ സംസാരിച്ചു.

വിമുക്തഭടൻമാർക്ക് തൊഴിലവസരം

തൃശൂർ: വിയ്യൂർ സെൻട്രൽ പ്രിസൺ ആൻഡ് കറക്ഷൻ ഹോമിൽ മാനസിക വെല്ലുവിളി നേരിടുന്ന അന്തേവാസികളെ പരിചരിക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ വിമുക്തഭടൻമാരെ നിയമിക്കും. താൽപ്പര്യമുള്ള വിമുക്തഭടൻമാർ യോഗ്യതകളുടേയും, തൃശ്ശൂർ ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ ജോലിക്കായി രജിസ്റ്റർ ചെയ്തതിന്റേയും രേഖകൾ സഹിതം ഫെബ്രുവരി മൂന്നിന് മുമ്പായി ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ അപേക്ഷ നൽകണം. ഫോൺ: 0487 2384037.

കാർ അപകടത്തിൽ മരിച്ചു

കുന്നംകുളം: കാണിയാമ്പാൽ വെള്ളക്കട വീട്ടിൽ സുനി വി രജ്ജ് (ബാംഗ്ലൂർ) - വിബിന എന്നിവരുടെ മകൻ ആദിത്ത് (18) അഹമ്മദാബാദിൽ വച്ചുണ്ടായ കാർ അപകടത്തിൽ മരണപ്പെട്ടു. അഹമ്മദാബാദിൽ വിദ്യാർത്ഥിയായിരുന്നു. സംസ്കാരം ഇന്ന് 12 മണിക്ക് ബാംഗ്ലൂരിൽ വച്ച് കാണിയാമ്പാൽ വെള്ളക്കട പത്തേരായ രാജൻ - മൃണാളിനി രാജൻ എന്നിവരുടെ കൊച